## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 131 — 21/01/2014-ൽ മറുപടിയ്ക്ക്

# പാഴാകുന്ന പഴവർഗ്ഗങ്ങളെ ഉപയോഗപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം<br>,, ബി. ഡി. ദേവസ്സി<br>,, പുരുഷൻ കടലുണ്ടി<br>,, കെ. കെ. നാരായണൻ | ശ്രീ. **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചക്ക ഉൾപ്പെടെ ഏതെല്ലാം പഴങ്ങൾ ഉപയോഗിക്കപ്പെടാതെ വൻതോതിൽ പാഴാകുന്നുണ്ടെന്ന് കൃഷി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിൽ ചക്ക, പൈനാപ്പിൾ, നാടൻ മാങ്ങ എന്നിവയും വീട്ടുവളപ്പുകളിലെ ചെറുതരം പഴവർഗ്ഗങ്ങളായ ചാമ്പക്ക, പപ്പായ, എഗ്ഗ്ഫ്രൂട്ട് മുതലായവയും ഉപയോഗിക്കപ്പെടാതെ പാഴാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരത്തിലുള്ള പഴവർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തൊഴിൽ ഉറപ്പാക്കുന്നതും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ പദ്ധതികൾ നടപ്പാക്കാൻ തയ്യാറാകുമോ; | ബി) | 2012-13 സാമ്പത്തിക വർഷത്തിലെ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് പഴവർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി തൊഴിൽ ഉറപ്പാക്കുന്നതും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായ പദ്ധതികൾ കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, പത്തനംതിട്ട ജില്ലയിലെ കാർഡ്-കൃഷി വിജ്ഞാനകേന്ദ്രം, കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റിന്റെ ഫുഡ് പ്രോസസ്സിംഗ് ട്രെയിനിംഗ് സെന്റർ, മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ കോഴിക്കോട് തുടങ്ങിയ ഏജൻസികളിലൂടെ പദ്ധതി നടപ്പിലാക്കിവരുന്നു. |
| സി) | ഇതിനായി ഉല്പാദന വികസന കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | സി) | ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ രജിസ്ട്രേഷനുള്ള സംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിലെ സംഘമിത്ര, |

ഗോഗ്രീൻ, ഇ.എഫ്.ആർ.ഡി.എസ് എന്നീ സ്വയം സഹായ സംഘങ്ങൾ ചക്കയുടെ സംസ്ക്കരണ യൂണിറ്റുകൾ വിജയകരമായി നടത്തിവരുന്നുണ്ട്.

പത്തനംതിട്ട ജില്ലയിലെ കാർഡ്-കൃഷി വിജ്ഞാനകേന്ദ്രം മുഖേന ചക്കയുടെ സംസ്ക്കരണ യൂണിറ്റും അതിനാവശ്യമായ യന്ത്രസാമഗ്രികളും സജ്ജമാക്കുന്നുണ്ട്.

മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ യൂണിറ്റായ നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറിയിൽ പൈനാപ്പിൾ, മാങ്ങ തുടങ്ങിയ പഴങ്ങളുടെ സംസ്ക്കരണം നടത്തി വരുന്നുണ്ട്.

| | |
|---|---|
| ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ ശരാശരി എത്ര ശതമാനം വിനിയോഗിക്കപ്പെടാതെ പാഴായിപ്പോകുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) ഭാരതത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ ശരാശരി 25-30 ശതമാനം വിനിയോഗിക്കപ്പെടാതെ പാഴായി പോകുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അത്തരത്തിലുള്ള ഒരു പഠനം ഇതുവരെയും നടപ്പിൽ വരുത്തിയിട്ടില്ല. പരിഗണിക്കാവുന്നതാണ്. |

Snehams

**സെക്ഷൻ ഓഫീസർ**